**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4088** **17-03-2025 - ൽ മറുപടിയ്ക്ക്**

**പൊതുനിരത്തുകളിൽ ബോർഡുകളും ബാനറുകളും താൽക്കാലികമായി സ്ഥാപിക്കുന്നതിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുനിരത്തുകളിൽ അനധികൃത ബോർഡുകളും ബാനറുകളും സ്ഥാപിക്കുന്നത് തടയുന്നത് സംബന്ധിച്ച ബഹു. ഹൈക്കോടതി ഉത്തരവിനെ തുടർന്ന് രാഷ്ട്രീയ സാമൂഹ്യ ബഹുജന സാംസ്കാരിക സംഘടനകളുടെ അറിയിപ്പുകൾ, വ്യക്തിഗത ചരമ അറിയിപ്പുകൾ എന്നിവ ഉൾപ്പെടെയുള്ള ബാനറുകൾക്കും ബോർഡുകൾക്കും തദ്ദേശ സ്ഥാപനങ്ങൾ പിഴ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ബഹു. ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം പുറത്തിറക്കിയ സർക്കാരിന്റെ 12.12.2024 -ലെ RC1/262/2022/LSGD നമ്പർ സർക്കുലർ പ്രകാരം പൊതുസ്ഥലങ്ങളിലെ നടപ്പാതകളിലും, ഹാൻഡ് റെയിലുകളിലും, ട്രാഫിക് ഐലന്റുകളിലും, റോഡുകളുടെ മധ്യഭാഗത്തുള്ള മീഡിയനുകളിലും വ്യക്തികളുടെയും, പൊതുപ്രവർത്തകരുടെയും, മറ്റു പ്രവർത്തകരുടെയും പേരുകൾ, ചിത്രങ്ങൾ, വ്യക്തിത്വം, പ്രസ്ഥാനം എന്നിവ വെളിപ്പെടുത്തുന്ന ബോർഡുകൾ, ബാനറുകൾ, പോസ്റ്ററുകൾ എന്നിവ സ്ഥാപിക്കാൻ പാടുള്ളതല്ല.<br><br>അപ്രകാരം സ്ഥാപിച്ചിരിക്കുന്ന ബോർഡുകൾ തദ്ദേശസ്ഥാപന സെക്രട്ടറിമാർ അടിയന്തരമായി നീക്കം ചെയ്യേണ്ടതും പിഴ ഈടാക്കുന്നതടക്കമുള്ള നിയമ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിരോധനത്തെ തുടർന്ന് ബന്ധപ്പെട്ട വ്യക്തികളും സംഘടനകളും നേരിടുന്ന പ്രയാസങ്ങളും ഈ മേഖലയിലെ സംരംഭകരും തൊഴിലാളികളും നേരിടുന്ന ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) | ബഹു. ഹൈക്കോടതി ഉത്തരവിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ വരുന്ന സ്ഥലങ്ങളിൽ മിതമായ നിരക്കിൽ നിശ്ചിത ഫീസ് ഈടാക്കി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടാവാത്ത രീതിയിൽ ഇപ്രകാരമുള്ള അറിയിപ്പുകൾ താൽക്കാലികമായി സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിന് നിയമനിർമ്മാണം ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | പ്രസ്തുത വിഷയത്തിൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 04.01.2025 - ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ, സംസ്ഥാനത്ത് റോഡ് സുരക്ഷ മുൻനിർത്തി, നിയമവിരുദ്ധമായിട്ടുള്ള പ്രവർത്തനം അവസാനിപ്പിച്ചുകൊണ്ട്, എന്നാൽ അനുവദനീയമായ തരത്തിലുള്ള പരസ്യ പ്രചരണങ്ങൾ നിർദ്ദിഷ്ട ഫീസ് ഈടാക്കി നടപ്പിലാക്കുന്നതിന് നിയമ നിർമ്മാണം നടത്തുന്നത് |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കാൻ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ